7 (7) **ബി.എൽ.ഇ.സി.യിൽ അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതകൾ**

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എൽ.ഇ.സി. അംഗങ്ങളായി തെരഞ്ഞെടുക്കാൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിലെ ബി.എൽ.ഇ.സി.യിൽ നിർദ്ദിഷ്ട യോഗ്യത ഇല്ലാത്തവരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ടുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരെ ഉൾപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അനർഹരെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുമെന്ന ഉറപ്പ് ഇത്തിക്കര ബി.എൽ.ഇ.സി.യുടെ കാര്യത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്രയുംവേഗം ഇവരെ ഒഴിവാക്കാനും അനർഹമായി നൽകിയ റ്റി.എ., ഡി.എ. എന്നിവ ഈടാക്കാനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ബ്ലോക്കുതല വിദഗ്ദ്ധ സമിതിയിൽ രണ്ട് തരം അംഗങ്ങളുണ്ട്. ഗവൺമെന്റു സേവനത്തിൽനിന്നോ മറ്റു രംഗങ്ങളിൽ നിന്നോ റിട്ടയർ ചെയ്ത അനുദ്യോഗസ്ഥ അംഗങ്ങളും സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥ അംഗങ്ങൾക്കാണ് പ്രത്യേകിച്ച് യോഗ്യത നിശ്ചയിച്ചിട്ടുള്ളത്. അത് ചുവടെ വിവരിക്കുന്നു:-

1) റിട്ടയർ ചെയ്ത ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും വികസന വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

2) സർക്കാർ ഇതര മേഖലകളിൽ ജോലി ഉള്ളവരോ റിട്ടയർ ചെയ്തവരോ ആണെങ്കിൽ ബിരുദാനന്തര ബിരുദമോ പ്രൊഫഷണൽ ബിരുദമോ ഉള്ളവരും, ഒരു വികസന മേഖലയിൽ ഓഫീസർ പദവിക്കു തുല്യമായി അഞ്ചുവർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരും ആയിരിക്കണം.

(3) (I) സമിതിയിൽ ഉൾപ്പെടുത്തുവാൻ തെരഞ്ഞെടുക്കുന്ന കെ.ആർ.പി. മാർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു നൽകുന്നതാണ്.

(II) ഡി.ആർ.പി.യായി പ്രവർത്തിക്കുന്ന ബിരുദാനന്തര ബിരുദമുള്ളവർക്ക് പ്രായോഗിക പരിചയത്തിൽ ഇളവു നൽകുന്നതാണ്.

(III) ജനകീയാസൂത്രണ പ്രോജക്ട് ക്ലിനിക്കുകളിൽ പങ്കെടുത്തിട്ടുള്ള ബാങ്ക് ജീവനക്കാർക്ക് ഓഫീസർ തസ്തികയിലല്ലായെങ്കിലും വികസന മേഖലയിൽ അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായാൽ മതിയാകുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇത്തിക്കര ബ്ലോക്കുതല വിദഗ്ദ്ധസമിതി പുനഃസംഘടിപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly